പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241

02-7-2009 ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് :<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:<br>ശ്രീ. സി.ടി. അഹമ്മദ് അലി:<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. പി.കെ. അബ്ദുറബ്ബ്: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങളെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) നിർദ്ദിഷ്ഠ ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതി ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഇത്തരം ഒരാശങ്ക ചില കേന്ദ്രങ്ങൾ ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സാഹിത്യത്തിനും ഭാഷയ്ക്കും വേണ്ട പ്രാധാന്യം നൽകിയാണ് കോമൺ കോഴ്സുകളുടെ മാതൃകാ സിലബസ്സുകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുള്ളത് എന്നതാണ് വാസ്തവം. ഭാഷാ സാഹിത്യ പഠനത്തിന് കൂടുതൽ സമഗ്രത കൈവരുമെന്നതും അവതരണത്തിന് പുതിയ രീതി അവലംബിക്കപ്പെടുമെന്നതും എടുത്തു പറയേണ്ട പ്രത്യേകതകളാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിലെ പാഠ്യപദ്ധതിയിൽ നിന്നും എന്ത് മികവാണ് പുതിയ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | വിജ്ഞാനം ആർജ്ജിക്കാനുള്ള കഴിവും അതിനുള്ള അവസരവും മെച്ചപ്പെടും. കൂടാതെ അഭിരുചിക്കനുസരിച്ച് പഠന വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും വിദ്യാർത്ഥികൾക്ക് ലഭിക്കും. ബഹുവൈജ്ഞാനിക പഠനത്തിന് അവസരം നൽകിക്കൊണ്ട് അന്തർ വൈജ്ഞാനിക മേഖലകളുടെ വികസനത്തിനുള്ള സാദ്ധ്യത ഉണ്ടാക്കുകയാണ് ലക്ഷ്യം. |
| (ഡി) | വേണ്ടത്ര പഠനങ്ങൾ നടത്തിയ ശേഷമാണോ ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങളുമായി മുന്നോട്ട് പോകുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തിയ ശേഷമാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നത്. |
| (ഇ) | പ്രസ്തുത പാഠ്യപദ്ധതി പരിഷ്കാരം സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | ഉണ്ട്. പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള ആശങ്കകൾ ദുരീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.242 | 02.07.2009-ൽ മറുപടിക്ക്

## ഭൂരഹിതർക്ക് ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ എം.എൽ.എ | | ശ്രീ.കെ.പി.രാജേന്ദ്രൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| എ) | ഭൂമി ഇല്ലാത്തവർക്ക് നാലു മുതൽ അൻപത് സെന്റ് വരെ ഭൂമി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) & ബി) | സംസ്ഥാനത്തെ ഭൂരഹിതരായ പാവപ്പെട്ടവർക്കും, പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും തോട്ടം തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും ഒക്കെ സർക്കാർ ഭൂമി പതിച്ച് നൽകുന്നത് ഭൂമിയുടെ ലഭ്യതയും അപേക്ഷകരുടെ എണ്ണവും കണക്കിലെടുത്താണ്. 3.5 സെന്റ് മുതൽ 50 സെന്റ് വരെ ഭൂമി ഇപ്രകാരം വിതരണം ചെയ്തു വരുന്നു. ഇടുക്കി ജില്ലയിൽ കയ്യേറ്റം ഒഴിപ്പിച്ചെടുത്ത 1664.42 ഏക്കർ ഭൂമിയിൽ നിന്നും 4 മുതൽ 50 സെന്റ് വരെ ഭൂമി അർഹരായ പാവപ്പെട്ടവർക്കും വിതരണം ചെയ്തു വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. |
| ബി) | ഇപ്രകാരം എത്ര ഭൂരഹിതർക്ക് ഭൂമി നൽകുവാനാണ് ലക്ഷ്യമിടുന്നത്; | | |
| സി) | ഈ പദ്ധതിയിൽ വിധവകൾക്കും ഭർത്താവുപേക്ഷിച്ച സ്ത്രീകൾക്കും പ്രത്യേക പരിഗണന നൽകുമോ? | സി) | ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 243 — 2-07-2009- ൽ മറുപടിയ്ക്ക്

തെങ്ങുകൃഷി പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി :<br>ശ്രീമതി.കെ.കെ.ലതിക | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) തെങ്ങുകൃഷി പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി കേരളത്തിന് എന്തുമാത്രം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ ; | (എ) | തെങ്ങിൻതോട്ടങ്ങളുടെ പുനർനടീലും പുനരുദ്ധാരണവും എന്ന ഒരു പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിൽ നടപ്പിലാക്കുന്നതിന് അംഗീകാരത്തിനായി നാളികേര വികസന ബോർഡ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രോഗം ബാധിച്ചതും പഴക്കം ചെന്നതുമായ തെങ്ങുകൾ, തെങ്ങൊന്നിന് 500 രൂപ എന്ന നിരക്കിൽ ധനസഹായം നൽകി മുറിച്ചു മാറ്റുക, തെങ്ങിൻ തൈ ഒന്നിന് 20 രൂപ എന്ന നിരക്കിൽ സഹായം നൽകി പുനർ നടീൽ, രണ്ടു വർഷത്തേയ്ക്ക് ഹെക്ടറിന് 15000 രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി ആധുനിക മാർഗ്ഗങ്ങളുപയോഗിച്ച് തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മൂലം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ രോഗങ്ങൾ മൂലവും പ്രായാധിക്യം മൂലവും തളർച്ചയിലായിരിക്കുന്ന തെങ്ങു കൃഷി മേഖലയിൽ ഉൽപാദനവും ഉൽപാദന ക്ഷമതയും വർദ്ധിച്ച് ഉണർവ് കൈവരിക്കാനാകും. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത് ; | ബി) | ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| സി) | കേരളത്തിലെ രോഗം ബാധിച്ച എത്ര തെങ്ങുകളാണ് വെട്ടിമാറ്റുന്നത്; തെങ്ങിന് നൽകുന്ന നഷ്ടപരിഹാരം എത്ര രൂപയാണ് ; | സി) | പ്രോജക്റ്റ് ആരംഭിക്കുന്ന സമയത്ത് നടക്കുന്ന സർവേയുടെ അടിസ്ഥാനത്തിലാണ് വെട്ടിമാറ്റുന്ന തെങ്ങുകളുടെ എണ്ണം നിശ്ചയിക്കുന്നത്. തെങ്ങൊന്നിന് 500 രൂപ നിരക്കിൽ സഹായം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| ഡി) | അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | ഡി) | സംസ്ഥാന കൃഷിവകുപ്പും, കേരള കാർഷിക സർവകലാശാലയും, നാളികേര വികസന ബോർഡും ചേർന്ന് ഈ പദ്ധതിയുടെ പുനർ നടീൽ ഘടകത്തിന് വേണ്ടിയുള്ള അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈ ഉൽപാദനത്തിന് സഹായിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 244 — 2-07-2009- ൽ മറുപടിയ്ക്ക്

മണ്ണ് പരിശോധന ലാബോറട്ടറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോർജ് എം.തോമസ് :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.സി.കെ.പി.പത്മനാഭൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | ശാസ്ത്രീയ വളപ്രയോഗത്തിന് കർഷകരെ സഹായിക്കുന്നതിന് കൃഷിയിടങ്ങളിലെ മണ്ണു പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) | കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണ് കൃഷിഭവനുകൾ വഴി ശേഖരിച്ച് അസിസ്റ്റൻറ് സോയിൽ കെമിസ്റ്റിൻെറ നേതൃത്വത്തിൽ ശാസ്ത്രീയമായി പരിശോധിച്ച് ഫലം കർഷകർക്ക് നേരിട്ട് നൽകുന്നു. ഈ ലാബുകളിൽ കർഷകർക്ക് നേരിട്ടും സാമ്പിളുകൾ പരിശോധനയ്ക്ക് നൽകി ഫലം ലഭ്യമാക്കാവുന്നതുമാണ്. |
| ബി) | എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; | (ബി) | എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| സി) | മണ്ണു പരിശോധന ലബോറട്ടറികളുടെ സാങ്കേതിക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ : | (സി) | പതിനൊന്നാം പഞ്ചവത്സര പദ്ധതി യിലുൾപ്പെടുത്തി കേന്ദ്ര ഗവൺമെൻറിൻെറ നാഷണൽ പ്രോജക്ട് ഓൺ സോയിൽ ഹെൽത്ത് മാനേജ്മെൻറ് എന്ന പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള മണ്ണു പരിശോധനശാലകളുടെ സാങ്കേതിക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇതിനാവശ്യമായ പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുവാനുള്ള നടപടികൾ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| ഡി) | എത്ര സഞ്ചരിക്കുന്ന മണ്ണുപരിശോധന ലാബോറട്ടറികൾ പ്രവർത്തിക്കുന്നു ; | ഡി) | നിലവിൽ ഒൻപത് സഞ്ചരിക്കുന്ന മണ്ണുപരിശോധന ലാബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. |
| ഇ) | കൂടുതൽ മൊബൈൽ ലബോറട്ടറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | ഇ) | കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി പുതിയ 5 സഞ്ചരിക്കുന്ന മണ്ണുപരിശോധന ലാബോറട്ടറികൾ തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രവർത്തിപ്പിക്കുവാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. |
| എഫ്) | വളപ്രയോഗത്തിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ? | എഫ്) | കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണ് ശാസ്ത്രീയമായി പരിശോധിച്ച് വളപ്രയോഗത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 245 — 2-07-2009- ൽ മറുപടിയ്ക്ക്

## "കുരുമുളക് കൃഷി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം. മോനായി :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. വി.എൻ. വാസവൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളക് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന 2005-06 മുതൽ 2008-09 വരെയുള്ള കാലയളവിൽ കുരുമുളക് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ഇടുക്കി ജില്ലയിൽ കുരുമുളകിന്റെ നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി പൊതു മേഖലയിൽ രണ്ട് മാതൃകാ നഴ്സറികൾ സ്ഥാപിക്കുന്നതിനായി 9.4 ലക്ഷം രൂപയും രണ്ട് ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിനായി 4.5392 ലക്ഷം രൂപയും, സ്വകാര്യ മേഖലയിൽ എട്ട് ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിനായി 10.38191 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 881.758 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിനായി 48,58884 ലക്ഷം രൂപയും, 16204 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി പുനരുദ്ധാരണത്തിനായി 2430.625 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 1120 ഹെക്ടർ സ്ഥലത്ത് സംയോജിത രോഗകീട നിയന്ത്രണം നടപ്പിലാക്കുന്നതിനായി 11.1986 ലക്ഷം രൂപയും, 1203.9 ഹെക്ടർ സ്ഥലത്ത് കുരുമുളകിൽ ജൈവകൃഷി ചെയ്യുന്നതിന് 120.39 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>വയനാട് ജില്ലയിൽ കുരുമുളകിന്റെ നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി പൊതു മേഖലയിൽ ഒരു മാതൃക നഴ്സറി സ്ഥാപിക്കുന്നതിനായി 18 ലക്ഷം രൂപയും, സ്വകാര്യ മേഖലയിൽ ഒരു മാതൃകാ നഴ്സറി സ്ഥാപിക്കുന്നതിനായി 7.24161 ലക്ഷം രൂപയും. ആറ് ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിനായി 8,46693 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 9985 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി പുനരുദ്ധാരണത്തിനായി 1300.3785 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 587 ഹെക്ടർ സ്ഥലത്ത് സംയോജിത രോഗകീട നിയന്ത്രണം നടപ്പിലാക്കുന്നതിനായി 4 26939 ലക്ഷം രൂപയും, 1500 ഹെക്ടർ സ്ഥലത്ത് കുരുമുളക് ജൈവകൃഷി ചെയ്യുന്നതിന് 157 0591 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കുരുമുളക് പുനഃകൃഷിക്കായി കേന്ദ്രത്തിനു സമർപ്പിച്ചിരുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | ഉണ്ട്. ഈ സാമ്പത്തിക വർഷം 6000 ഹെക്ടർ വാർദ്ധക്യം ബാധിച്ച കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി 9 കോടി രൂപയുടെ പദ്ധതി ദേശീയ ഹോർട്ടികൾച്ചർ മിഷനിൽ സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിലൂടെ ഇടുക്കി ഒഴികെയുള്ള മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതാണ്. |
| (സി) | പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത് ; | (സി) | ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം കൃഷി ഭവനുക ളിലൂടെയാണ് നടപ്പാക്കുന്നത്. |
| (ഡി) | അത്യുൽപ്പാദന ശേഷിയുള്ള കുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഡി) | ഉണ്ട്. അത്യുത്പാദന ശേഷിയുള്ള കുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി സ്വകാര്യ മേഖലയിലും പൊതുമേഖലയിലും 4 ഹെക്ടർ വീതമുള്ള മാതൃകാ നഴ്സറികളും, ഒരു ഹെക്ടർ വീതമുള്ള ചെറുകിട നഴ്സറികളും സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം സബ്സിഡി നൽകുന്നുണ്ട്. പൊതുമേഖലയിൽ മാതൃകാ നഴ്സറികൾ സ്ഥാപിക്കുന്നതിന് 18 ലക്ഷം രൂപയും, ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപയും സ്വകാര്യമേഖലയിൽ മാതൃകാ നഴ്സറികൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപയും ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 1.5 ലക്ഷം രൂപയും സബ്സിഡിയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 246 — 02/07/2009-ൽ മറുപടിക്ക്

## ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.എം.ജെ.ജേക്കബ്:<br>ശ്രീ.ജോർജ് എം.തോമസ്: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) | സ്കൂൾ കുട്ടികൾക്കായി ആവിഷ്ക്കരിച്ച ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. സംസ്ഥാന സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പ് വഴി നേരിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| ബി) | ഏത് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്; | ബി) ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നല്ല പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാന സർക്കാർ നേരിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത് . |
| സി) | എത്ര കുട്ടികളാണ് ഇൻഷ്വറൻസ് പരിധിയിൽ വരുന്നത്; | സി) സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 1-ാം സ്റ്റാൻേർഡ് മുതൽ ഹയർ സെക്കണ്ടറി വരെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ എല്ലാ കുട്ടികളെയും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പ്രീമിയം ഇനത്തിൽ എത്ര രൂപ സർക്കാർ അടയ്ക്കുന്നുവെന്ന് അറിയിക്കുമോ; | ഡി) സർക്കാർ നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിനാൽ പ്രീമിയം ഇനത്തിൽ തുക അടയ്ക്കുന്നില്ല. |

| | | | |
|---|---|---|---|
| ഇ) | കഴിഞ്ഞവർഷം ഇൻഷ്വറൻസ് ക്ലെയിം ഇനത്തിൽ എന്തു തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ഇ) | ഇൻഷ്വറൻസ് ക്ളെയിം നൽകുന്നതിനായി 14 വിദ്യാഭ്യാസ ഉപ ഡയറക്ടർ മാർക്കുമായി 2008-09 സാമ്പത്തിക വർഷത്തിൽ 27 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| എഫ്) | ഇൻഷ്വറൻസ് പദ്ധതി മുഖേനയുള്ള ആനുകൂല്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | എഫ്) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.247

02.07.2009-ൽ മറുപടിക്ക്.

## കൃഷി ഫാമുകളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷി ഫാമുകളുടെ വികസനത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) കൃഷി ഫാമുകളുടെ വികസനത്തിനും, നവീകരണത്തിനുമായി സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും അത്യുൽപാദന ശേഷിയുള്ള പുതിയയിനം നടീൽ വസ്തുക്കളുടെ ന്യൂക്ലിയസ് വിത്തു വാങ്ങി ഫാമുകളിൽ വർദ്ധനവ് നടത്തി കർഷകർക്ക് വിതരണം നടത്തുക.<br>(2) കാർഷിക മേഖലയിൽ ഉരുത്തിരിഞ്ഞിട്ടുള്ള കാർഷിക യന്ത്രവത്ക്കരണം ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ ഫാമുകളിൽ നടപ്പിലാക്കുകയും അവയുടെ കാര്യക്ഷമത വിലയിരുത്തുകയും ചെയ്യുക.<br>(3) അത്യുൽപ്പാദന ശേഷിയുള്ള വിവിധയിനം വിളകൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്ത് ഫാമുകളെ മാതൃകാ പ്രദർശനത്തോട്ടങ്ങളാക്കി ഉയർത്തുക. |

(4) വിളകളുടെ ശാസ്ത്രീയ പരിപാലന മുറകളും, ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട സംസ്കരണ രീതികളും ഉൾപ്പെടുത്തികൊണ്ടുള്ള മാതൃകാ കാർഷിക യൂണിറ്റായി ഫാമുകളെ മാറ്റുക.

(5) ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം നടത്തുക.

(ബി) ഓരോഫാമിനും വേണ്ടി ദീർഘവീക്ഷണത്തോടെയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; ടിഷ്യു കൾച്ചർ സംവിധാനങ്ങൾ കൃഷി ഫാമുകളിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഫണ്ടിൻെറ ലഭ്യതയ്ക്കനുസൃതമായി ഓരോ ഫാമിൻേറയും സമഗ്ര വികസനത്തിനായി ഓരോ വർഷവും ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിൻെറ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു.

ടിഷ്യൂ കൾച്ചർ സംവിധാനങ്ങൾ കൃഷി ഫാമുകളിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെൻററിൽ തയ്യാറാക്കുന്ന വിവിധ വിളകളുടെ ടിഷ്യു കൾച്ചർ ചെയ്ത തൈകൾ ശേഖരിച്ച് ഹാർഡനിംഗ് നടത്തി നടീലിനു തയ്യാറാക്കി വിതരണം ചെയ്യുന്ന കേന്ദ്രങ്ങളായി പല ഫാമുകളും പ്രവർത്തിച്ചു വരുന്നു. കൊല്ലം ജില്ലയിലെ അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ടിഷ്യുക്കൾച്ചർ ലാബ് പ്രവർത്തിച്ചു വരുന്നുണ്ട്.

| | |
|---|---|
| (സി) ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ലഭ്യമാകുന്ന തുകയും നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 ലക്ഷം രൂപയും വിനിയോഗിച്ച് സ്പെഷ്യൽ ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| (ഡി) കൃഷി ഫാമുകൾ മുഖേന നൂതന കൃഷി രീതികൾ പ്രചരിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ? | (ഡി) നൂതന കൃഷി രീതികളും ആശയങ്ങളും വേണ്ടത്ര പ്രചരിപ്പിക്കുന്നതിനായി കൃഷി ഫാമുകളെ സജ്ജമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.248 — 2.7.2009ൽ മറുപടിക്ക്

ബിനാമി ഇടപാടുകളിലൂടെ ഭൂമി ക്രയവിക്രയം

ചോദ്യം

ശ്രീ.പി.കൃഷ്ണപ്രസാദ്,
ശ്രീ.അൽഫോൺസ്കണ്ണന്താനം
ശ്രീ.ബാബു എം.പാലിശ്ശേരി:
ശ്രീ.വി.എൻ.വാസവൻ:
ശ്രീ.വി.ശശികുമാർ:

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൃത്രിമമായും നിയമ വിരുദ്ധമായും ബിനാമി ഇടപാടുകളിലൂടെ ഭൂമി വാങ്ങിക്കൂട്ടുന്നവരെ കണ്ടെത്തുവാൻ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) | (എ). സംസ്ഥാനത്ത് കൃത്രിമമായും നിയമ വിരുദ്ധമായും ബിനാമി ഇടപാടുകളിലൂടെ ഭൂമി വാങ്ങി കൂട്ടുന്നവരെ കണ്ടെത്തുന്നതുൾപ്പെടെ . ഭൂമിയുടെ അനധികൃത കൈമാറ്റങ്ങളെക്കുറിച്ചും വൻകിട ഭൂമി ഇടപാടുകളെക്കുറിച്ചും, പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി റവന്യൂ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും, റവന്യൂ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി- II -ന്റെ നേതൃത്വത്തിൽ, ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) തുടങ്ങിയവർ ഉൾക്കൊള്ളുന്ന സംസ്ഥാനതല കമ്മിറ്റിയും, ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ഇൻസ്പെക്ഷൻ-കം-വിജിലൻസ് ടീമും രൂപീകരിച്ച്, പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിൽ ഇതിനകം ഇത് സംബന്ധിച്ച പരിശോധന പൂർത്തിയായിട്ടുണ്ട് ; | (ബി) | മലപ്പുറം ജില്ലയിലെ പരിശോധനകൾ പൂർത്തിയായിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | ബിനാമി ഇടപാടുകൾ സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | പൊതുജനങ്ങളിൽ പരാതി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വിജിലൻസ് ആന്റ് ഇൻസ്പെക്ഷൻ വിഭാഗത്തിൻെറ പരിശോധനയെ തുടർന്ന് 2006-09-ൽ ഏതെങ്കിലും പ്രമാണത്തിന്റെ പോക്കുവരവ് റദ്ദാക്കിയിട്ടുണ്ടോ ; | (ഡി) | 2008-09-ൽ തിരുവനന്തപുരം, കൊല്ലം,എറണാകുളം, തൃശൂർ ജില്ലകളിൽ വിജിലൻസ് ആന്റ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയെ തുടർന്ന് പോക്കു വരവുകൾ റദ്ദു ചെയ്തിട്ടുണ്ട്. |
| (ഇ) | പരിശോധനയുടെ ഫലമായി പരിധിയിൽ കൂടുതൽ ഭൂമികൈവശംവച്ചവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (ഇ) | കൊല്ലം, തൃശൂർ, എറണാകുളം ജില്ലകളിൽ പരിശോധനയുടെ ഫലമായി പരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയവർക്കെതിരെ ഭൂപരിഷ്കരണ നിയമ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 249 | 02.07.09 ൽ മറുപടിയ്ക്ക്

## സോയിൽ കൺസർവേഷനു വേണ്ടിയുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സോയിൽ കൺസർവേഷനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് ; | എ) സംസ്ഥാനത്ത് സോയിൽ കൺസർവേഷന്റെ മേൽനോട്ടത്തിൽ വിവിധ വാട്ടർഷെഡ് വികസന പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിൽ 2 കേന്ദ്രാവിഷ്കൃത പദ്ധതികളും 5 സംസ്ഥാനാവിഷ്കൃത പദ്ധതികളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) ഇതിൽ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികൾ ഏതൊക്കെ ; ഓരോന്നിനുമായി എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് ; | (ബി) കബനീ നദീതട മണ്ണുജല സംരക്ഷണ പദ്ധതി (ബഡ്ജറ്റ് വിഹിതം - 250 ലക്ഷം രൂപ), ദേശീയ നീർമറി വികസന പദ്ധതി (ബഡ്ജറ്റ് വിഹിതം - 700 ലക്ഷം രൂപ) എന്നിവയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ.<br>നബാർഡിന്റെ വായ്പ വിനിയോഗിച്ച് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ മണ്ണു-ജല സംരക്ഷണ പദ്ധതി ( 1300 ലക്ഷം രൂപ), മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ ( 15 ലക്ഷം രൂപ), ജല സംഭരണികളുടെ വൃഷ്ടി പ്രദേശവുമായി ബന്ധപ്പെട്ട മണ്ണു-ജല സംരക്ഷണ പദ്ധതി (20 ലക്ഷം രൂപ), മണ്ണു സംരക്ഷണ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള പരിശീലന പരിപാടി (10 ലക്ഷം രൂപ) , വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം (6 ലക്ഷം രൂപ) എന്നിവയാണ് സംസ്ഥാനാവിഷ്കൃത പദ്ധതികൾ. |

(സി) സോയിൽ കൺസർവേഷനു വിഘാതമായി നിൽക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെ ;

(സി) അപര്യാപ്തമായ ബഡ്ജറ്റ് വിഹിതം . സാങ്കേതിക ജീവനക്കാരുടെ ലഭ്യതക്കുറവ്. കുറഞ്ഞ നിരക്കിലുള്ള സബ്സിഡി, കർഷകർക്ക് ധനസഹായം നല്കാനുതകുന്ന പദ്ധതികളുടെ കുറവ്, ഫീൽഡ് സർവ്വേയ്ക്കുള്ള വാഹനങ്ങളുടെ അപര്യാപ്തത എന്നിവയാണ് സോയിൽ കൺസർവേഷനു വിഘാതമായി നിൽക്കുന്ന പ്രധാന കാര്യങ്ങൾ.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം 1444.62 ലക്ഷം രൂപ ചെലവഴിച്ചു.

| ജില്ല | ചെലവഴിച്ച തുക (ലക്ഷം) |
|---|---|
| തിരുവനന്തപുരം | 123.57 |
| കൊല്ലം | 142.56 |
| പത്തനംതിട്ട | 77.97 |
| ആലപ്പുഴ | 117.29 |
| കോട്ടയം | 64.54 |
| ഇടുക്കി | 240.35 |
| എറണാകുളം | 42.35 |
| തൃശൂർ | 60.82 |
| പാലക്കാട് | 81.11 |
| മലപ്പുറം | 71.02 |
| കോഴിക്കോട് | 53.52 |
| വയനാട് | 270.13 |
| കണ്ണൂർ | 48.93 |
| കാസർഗോഡ് | 50.46 |
| **ആകെ** | **1444.62** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ. 250** 02/07/2009-ൽ മറുപടിക്ക്

## ദേശീയ പാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു.<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബി.ഡി. ദേവസ്സി.<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. സി. എം. ദിനേശ് മണി | ശ്രീ. കെ. പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) ദേശീയ പാതാ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കുമോ ; | എ) ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലുള്ള ഏഴ് ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾക്ക് പുറമെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 322 ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള 16 യൂണിറ്റുകൾക്ക് 06/06/2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.210/09/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ യൂണിറ്റുകളുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |
| ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ജനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) എൻ.എച്ച്. ആക്ട് 1956 അനുസരിച്ചാണ് ദേശീയ പാതയ്ക്കു വേണ്ടിയുള്ള പൊന്നുംവില നടപടികൾ കൈക്കൊള്ളുന്നത്. എൻ.എച്ച്. ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് ജനങ്ങളുടെ സഹകരണത്തോടെ ഭൂമി ഏറ്റെടുക്കൽ നടപടി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | **ഭൂമി ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;** | സി) | **ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നിയമപ്രകാരമുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.** |
| ഡി) | ഭൂമി നഷ്ടപ്പെടുന്നവർക്ക് പുനരധിവാസത്തിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ? | ഡി) | **എൻ.എച്ച്** ആക്ട് അനുസരിച്ച് നിലവിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് **പുനരധിവാസം** നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പദ്ധതിക്ക് സ്ഥലമേറ്റെടുത്തപ്പോൾ സ്വീകരിച്ച പോലുള്ള ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 251 02.07.2009 ൽ മറുപടിക്ക്

**സംസ്ഥാന സാക്ഷരതാമിഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ജയരാജൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.കെ. ലതിക<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) | തുല്യതാ പഠനം, നിരക്ഷരരെ സാക്ഷരരാക്കൽ, തൊഴിൽപരിശീലനവും ചെറുകിട ഉൽപാദന യൂണിറ്റുകളും, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി, വിവരാവകാശ ബോധവത്ക്കരണം എന്നിവയാണ് സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ |
| ബി) | സാക്ഷരതാ പരിപാടിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകുന്നത് ; | ബി) | തീര-ചേരി പ്രദേശങ്ങളിലും, ഭാഷാ ന്യൂനപക്ഷ മേഖലകളിലും ദുർബല ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ അധിവസിക്കുന്ന മേഖലകളിലുമാണ് സാക്ഷരതാ പരിപാടിയിൽ മുൻഗണന നൽകിവരുന്നത്. |
| സി) | ആദിവാസി കേന്ദ്രങ്ങളിൽ സാക്ഷരതാ പ്രവർത്തനം നടത്തുന്നുണ്ടോ ; എത്ര തുടർ വിദ്യാഭ്യസ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു ; | സി) | ഉണ്ട്. 163 കേന്ദ്രങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ട്. |
| ഡി) | സംസ്ഥാന സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ഗവേഷണ പദ്ധതി പരിഗണനയിലുണ്ടോ ; | ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് ഇപ്പോൾ എത്ര നിരക്ഷരർ ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ; | ഇ) | 15 - 20 ലക്ഷം നിരക്ഷരർ ഉണ്ടെന്നാണ് കണക്കാക്കുന്നത്. |
| എഫ്) | സാക്ഷരത നേടിയവർ വീണ്ടും നിരക്ഷരരായി മാറാതിരിക്കാനുള്ള തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ ? | എഫ്) | ഇതിലേക്ക് തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 252 2/07/2009-ൽ മറുപടിക്ക്

## സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചോദ്യം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ.കെ.ടി.ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ :

ഉത്തരം

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) | ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്<br><br>1. 2003 വർഷത്തോടെ എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുക.<br><br>2. 2007 വർഷത്തോടെ എല്ലാ കുട്ടികളും അഞ്ചു വർഷത്തെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക<br><br>3. 2007 വർഷത്തോടുകൂടി പ്രാഥമിക തലത്തിൽ സാമൂഹികവും ലിംഗപരവുമായ അസന്തുലിതാവസ്ഥ ഇല്ലാതാക്കുക.<br><br>4. 2010 വർഷത്തോടെ എല്ലാകുട്ടികളും എലിമെന്ററി (എട്ടാം ക്ലാസ്) വിദ്യാഭ്യാസം പൂർത്തിയാക്കുക.<br><br>5. ഒന്നാം ക്ലാസ്സിൽ പ്രവേശിക്കപ്പെടുന്ന മുഴുവൻ കുട്ടികളുടെയും കൊഴിഞ്ഞു പോക്ക് ഒഴിവാക്കി 2010 വർഷം വരെ സ്കൂളിൽ നിലനിർത്തുക<br><br>6. 2010 വർഷത്തോടു കൂടി ഗുണനിലവാരമുള്ള സാർവ്വത്രിക എലിമെന്ററി വിദ്യാഭ്യാസം ഉറപ്പു വരുത്തുക |

| | | | |
|---|---|---|---|
| ബി) | ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; | ബി) | അധ്യാപക പരിശീലനം, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം ,ശിശുപരിപാലനവും വിദ്യാഭ്യാസവും, കമ്പ്യൂട്ടർ വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, ബ്ലോക്ക് തല പഠന കേന്ദ്രങ്ങൾ , സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, ഗവേഷണവും മൂല്യ നിർണ്ണയവും എന്നിവയാണ് എസ്.എസ്.എ.യുടെ ലക്ഷ്യങ്ങൾ ആവിഷ്കരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ |
| സി) | സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ. ധനസഹായം നൽകുന്നുണ്ടോ ; | സി) | ഉണ്ട് |
| ഡി) | അധ്യാപക പരിശീലനത്തിനായി എസ്.എസ്.എ. ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ; | ഡി) | ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലുള്ള അധ്യാപകർക്ക് പുതിയ പാഠപുസ്തകം ക്ലാസുമുറിയിൽ ഫലപ്രദമായി വിനിമയം ചെയ്യാൻ വേണ്ടി പാഠ്യപദ്ധതി, മൂല്യനിർണ്ണയരീതി എന്നിവയിൽ പരിശീലനം നൽകിവരുന്നു. ദൈനംദിന ക്ലാസ്റൂം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പ്രതിമാസ ക്ലസ്റ്റർ / തുടർ പരിശീലന യോഗങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. 2009-10 വർഷത്തേയ്ക്ക് അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി 1929.13 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |
| ഇ) | സൗജന്യ പാഠപുസ്തക വിതരണത്തിനായി എത്ര കോടി രൂപ ഈ വർഷം ചെലവായി എന്ന് വെളിപ്പെടുത്തുമോ ; | ഇ) | സൗജന്യ പാഠപുസ്തക വിതരണത്തിനായി ഈ വർഷം 15.6.2009 വരെ 51.68 ലക്ഷം രൂപ എസ്.എസ്.എ. ചെലവഴിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങൾ രണ്ടു ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അർധവർഷത്തേക്കും രണ്ടാം അർധവർഷത്തേക്കും ഓരോ ഭാഗങ്ങൾ വീതം . രണ്ടു ഭാഗങ്ങളുടെയും വിതരണം പൂർത്തിയായാൽ മാത്രമേ പുസ്തക വിതരണത്തിന് ചെലവായ കൃത്യമായ തുക കണക്കാക്കാൻ കഴിയൂ. |

→

| | | | |
|---|---|---|---|
| എഫ്) | സർവ്വശിക്ഷാ അഭിയാൻ പദ്ധതി മുഖേനയുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | എഫ് | ഓരോ വർഷവും സർവ്വശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ദേശീയ സ്ഥാപനങ്ങളും സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളും ഇതിനായി പഠനങ്ങൾ നടത്താറുണ്ട്. കൂടാതെ സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിലും പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും സർവ്വ ശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.253. 2.07.2009 -ൽ മറുപടിക്ക്

## സർക്കാർ കോളേജുകളിലെ കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.സാജു പോൾ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.എം.എം.മോനായി | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) സർക്കാർ കോളേജുകളിലെ കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സർക്കാർ കോളേജുകളിലെ കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കായികരംഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന ബഡ്ജറ്റിലൂടെ ലഭിച്ചിട്ടുള്ള തുക ഉപയോഗിച്ചുവരുന്നു. 2008-09-ൽ 20 ലക്ഷം രൂപ അനുവദിച്ചതിൽ 19.85 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈയിനത്തിൽ വകയിരുത്തി യിട്ടുള്ള 25 ലക്ഷം രൂപ കോളേജുകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ കോളേജുകളിൽ വിദ്യാർത്ഥികളുടെ കായികപ്രവർത്തനങ്ങളുടെ നടത്തിപ്പിന് 2008-09 വർഷം ബഡ്ജറ്റിൽ അനുവദിച്ച 14 ലക്ഷം രൂപയിൽ 13.18 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈയിനത്തിൽ ലഭിച്ച 17.5 ലക്ഷം രൂപ കോളേജുവിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് പരിശീലനത്തിനും കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമായി വിനിയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ബഡ്ജറ്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുകയ്ക്ക് വിധേയമായി കോളേജുകളിൽ ആവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കായിക രംഗത്ത് മികവ് പുലർത്തുന്ന കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) | കായികരംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് കൗൺസിലിന്റെ ശുപാർശയ്ക്ക് വിധേയമായി ബന്ധപ്പെട്ട സർവകലാ ശാലകൾ ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. |
| (ഡി) | എല്ലാ കോളേജുകളിലും മെച്ചപ്പെട്ട സ്പോർട്ട്സ് ആന്റ് ഗെയിംസ് ടീമുകളെ വാർത്തെടുക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ? | (ഡി) | എല്ലാ കോളേജുകളിലും മെച്ചപ്പെട്ട സ്പോർട്ട്സ് ആന്റ് ഗെയിംസ് ടീമുകളെ വാർത്തെടുക്കുന്നതിലേയ്ക്കായി പരിശീലനപരിപാടികൾ നടത്തുകയും കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T254* 2.7.2009 ൽ മറുപടിക്ക്

### കരാറുകാരുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. വി.ശശികുമാർ | ശ്രീ.മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കരാറുകാരുടെ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2009 ഏപ്രിൽ മാസംവരെയുള്ള കുടിശ്ശികയും കെട്ടിടവിഭാഗത്തിൽ 2009 ജനുവരി വരെയുള്ള കുടിശ്ശികയും കൊടുത്തു തീർത്തിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാന ഫണ്ടിൽ നിന്നും കരാറുകാർക്ക് കുടിശ്ശിക നൽകാനില്ല. |
| (ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ കൊടുത്തു എന്ന് അറിയിക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3459.80 കോടി രൂപ കുടിശ്ശിക ഇനത്തിൽ കൊടുത്തു തീർത്തു. |
| (സി) കുടിശ്ശിക കൊടുത്ത് തീർത്തതിന്റെ ഫലമായി മത്സരാധിഷ്ഠിത ടെൻഡറുകൾ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) ടെൻഡർ എക്സസ് അനുവദിക്കുന്നത് സംബന്ധിച്ച് ഇപ്പോഴത്തെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ഡി) 11.7.2007 ലെ ജി.ഒ(പി) നം. 303/07/ധന എന്ന ഉത്തരവ് പ്രകാരമാണ് ടെൻഡർ എക്സസ് അനുവദിക്കുന്നത്. ഇതനുസരിച്ച് സംസ്ഥാന ഫണ്ട് ഉപയോഗിച്ചു ചെയ്യുന്ന 15 |

ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് 15% വരെയും 15 ലക്ഷം മുതൽ 100 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് 10% വരെയും 100 ലക്ഷത്തിനുമുകളിൽ 5% വരെയും ടെൻഡർ എക്സസ് നൽകുന്നതിന് ചീഫ് എഞ്ചിനീയർക്ക് അധികാരമുണ്ട്. ഇതിനു മുകളിൽ വരുന്ന ടെൻഡർ എക്സസുകൾ നൽകുന്നത് ഗവൺമെന്റ് തലത്തിലാണ്.

(ഇ) ഈ വർഷം സംസ്ഥാനത്ത് വിവിധ മേഖലകളിലായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകും എന്ന് വിശദമാക്കുമോ ?

(ഇ) നടപ്പു വർഷം ഭരണാനുമതി നൽകി നടപ്പാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 255 02.07.2009-ൽ മറുപടിക്ക്.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് പ്രാധാന്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.രാഘവൻ :<br>ശ്രീമതി.പി.അയിഷാ പോറ്റി :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>" ടി.പി.കുഞ്ഞുണ്ണി :<br>" മഞ്ഞളാംകുഴി അലി : | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) | |
| (എ) | പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സർക്കാർ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | സംസ്ഥാനത്ത് സർക്കാർ തലത്തിൽ എത്ര പ്രീ-പ്രൈമറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നു ; | (ബി) | 782 |
| (സി) | പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ വിദ്യാലയങ്ങളുടെ ചൂഷണം തടയുന്നതിന് സർക്കാർ തലത്തിൽ കൂടുതൽ പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | ഇപ്പോൾ ആലോചനയില്ല. എന്നാൽ ആവശ്യത്തിന് സ്ഥലസൗകര്യമുള്ള സർക്കാർ സ്ക്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ച് സ്വന്തം ചെലവിൽ നടത്തികൊണ്ടുപോകുവാൻ പി.ടി.എ കൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിലുള്ള നേഴ്സറി സ്കൂളു കളിലെ സൗകര്യങ്ങൾ വർദ്ധിപ്പി ക്കുന്ന കാര്യം പരിഗണി ക്കുമോ ? | (ഡി) | ഇക്കാര്യത്തിനായി സർക്കാർ തലത്തിൽ നടപടി പരിഗണനയിലില്ല. എന്നാൽ നിലവിൽ ഭൗതിക സാഹചര്യങ്ങൾ ലഭ്യ മായ സ്ഥലങ്ങളിൽ മാത്രമേ നേഴ്സറി സ്കൂളുകൾ അനുവദിക്കുന്നുള്ളൂ. മാത്രമല്ല പി.ടി.എ യുടെ സഹായ ത്തോടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കു വാൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 256 | 2-07-2009- ൽ മറുപടിയ്ക്ക്

നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.പി.വിശ്വൻ :<br>ശ്രീ.പിടി.എ.റഹീം : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>- വിലകുറഞ്ഞ മറ്റു ഭക്ഷ്യ എണ്ണകളുടെ അമിതമായ ഇറക്കുമതി.<br>- മറ്റു ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം എടുത്തു കളഞ്ഞത്.<br>- സബ്സിഡിയോടുകൂടി പാം ഓയിൽ വിതരണം ചെയ്യുവാനുള്ള തീരുമാനം.<br>- തെങ്ങുകൃഷിയെ ബാധിക്കുന്ന മാരകമായ കാറ്റു വീഴ്ച കൂമ്പുചീയൽ, മണ്ഡരി തുടങ്ങിയ രോഗങ്ങൾ മൂലം ഉല്പാദന ക്ഷമതയിൽ വന്ന കുറവ്, ഇവ മൂലം ഉണ്ടായിട്ടുള്ള വെളിച്ചെണ്ണയുടെ തുടർച്ചയായ വിലയിടിവ്<br>- നാളികേര കൃഷിയിടങ്ങളുടെ വിസ്തൃതിക്കുറവ് മൂലം ഫലപ്രദമായ യന്ത്രവൽക്കരണം നടത്തുവാനുള്ള ബുദ്ധിമുട്ട്.<br>- നാളികേര അധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായധിഷ്ഠിത സംരംഭങ്ങളുടെ കുറവ്. |

ബി) കൊപ്രയ്ക്കും പച്ചത്തേങ്ങയ്ക്കും അടുത്തകാലത്ത് വൻതോതിൽ വിലയിടിവ് ഉണ്ടാകാനുള്ള കാരണം പരിസോധിക്കുമോ ;

സി) കൊപ്രയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഡി) എങ്കിൽ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ ;

(സി) ആൻറ് ഡി) 2009 സീസണിലേയ്ക്ക് മില്ലിംഗ് കൊപ്രയ്ക്ക് ക്വിൻറലിന് 4900 രൂപയും ഉണ്ടകൊപ്രയ്ക്ക് 5150 രൂപയും താങ്ങുവില പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

ഇ) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണനിലവാര വ്യവസ്ഥകളിൽ ഇളവ് നൽകുന്നതിന് ആവശ്യപ്പെടുമോ ?

(ഇ) ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഗുണനിലവാര വ്യവസ്ഥകൾ കൊപ്രസംഭരണത്തിന് തീർത്തും അനുഗുണമല്ലാത്തതിനാൽ അവയിൽ വേണ്ടത്ര ഇളവുകൾ നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 257 — 2.7.2009 ൽ മറുപടിക്ക്

## കൺസ്ട്രക്ഷൻ കോർപ്പറേഷൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ സെൽവരാജ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി.ശിവൻ കുട്ടി | ശ്രീ. മോൻസ് ജോസഫ്.<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അധികമുള്ള ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പങ്കാളിത്ത വ്യവസ്ഥയിൽ വലിയ പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു. അതോടൊപ്പം തന്നെ കോർപ്പറേഷൻെറ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കായി ഓഫീസ് ആസ്ഥാനം തിരുവനന്തപുരത്തേക്ക് മാറ്റുന്ന കാര്യം പരിശോധിച്ചുവരുന്നു.. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര കോടി രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട് ; | (ബി) | കോർപ്പറേഷൻെറ പുനരുദ്ധാരണത്തിനുവേണ്ടി 2009 - 2010 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ; | (സി) | വിശദമായ പട്ടിക വിവരണം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കോർപ്പറേഷൻെറ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) | സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

1 മാട്ടൂർ - മടക്കര പാലം , കണ്ണൂർ
2 അഞ്ചരക്കണ്ടി - ഓടക്കടവ് പാലം , കണ്ണൂർ
3 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി - മങ്ങാട്ടുപറമ്പ് , കണ്ണൂർ
4 വാരംകടവുപാലം , കണ്ണൂർ
5 മഞ്ഞക്കാടു പാലം, കോഴിക്കോട്
6 കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറം , മലപ്പുറം
7 മായന്നൂർ പാലം, തൃശ്ശൂർ
8 ഓഫീസ് - കം- ഷോപ്പിംഗ് കോംപ്ളക്സ് , താഴേക്കാട് - തൃശ്ശൂർ
9 ശ്രീമൂലം നഗരം പാലം ,എറണാകുളം
10 മോഡൽ റസിഡൻഷ്യൽ സ്കൂൾ , കുട്ടിക്കാനം , ഇടുക്കി
11 കോടതി സമുച്ചയം, വഞ്ചിയൂർ , തിരുവനന്തപുരം
12 എം.ബി.എ ബ്ളോക്ക് , എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം
13 നോർക്ക സെന്റർ , തിരുവനന്തപുരം

S.O.

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.258 — 2.07.2009 ൽ മറുപടി നൽകേണ്ടത്.

ചോദ്യം — മറുപടി

ശ്രീമതി ഇ. എസ് ബിജിമോൾ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീ. കെ. അജിത്ത്

ശ്രീ. കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയുടെ വിനിയോഗം

(എ) ഭൂ പരിഷ്ക്കരണ നിയമ പ്രകാരം ഏറ്റെടുത്തതിൽ പൊതു ആവശ്യങ്ങൾക്കായി എത്ര ഏക്കർ സ്ഥലമാണ് ഒരോ ജില്ലയിലും നീക്കിവച്ചിട്ടുള്ളത്;

(എ) കേരള ഭൂപരിഷ്കരണ നിയമ പ്രകാരം പൊതു ആവശ്യങ്ങൾക്കായി മാറ്റിവെച്ചിട്ടുള്ള മിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | വിസ്തീർണ്ണം(ഏക്കറിൽ) |
|---|---|
| തിരുവനന്തപുരം | 72.09.930 |
| കൊല്ലം | 88.22.840 |
| പത്തനം തിട്ട | 5.87.860 |
| ആലപ്പുഴ | ·453.22.030 |
| കോട്ടയം | 852.84.160 |
| ഇടുക്കി | 314.40.630 |
| എറണാകുളം | 332.14.090 |
| തൃശ്ശൂർ | 291.53.410 |
| പാലക്കാട് | 1397.22.960 |
| മലപ്പുറം | 869.51.410 |
| കോഴിക്കോട് | 309.34.280 |
| വയനാട് | 322.35.970 |
| കണ്ണൂർ | 2116.79.000 |
| കാസർഗോഡ് | 5173.43.970 |
| ആകെ | 12599.02.540 |

→

| | | | |
|---|---|---|---|
| (ബി) | ഇതിൽ എത്ര ഏക്കർ സ്ഥലം ഉപയുക്തമാക്കിയിട്ടുണ്ടെന്നുള്ള വിവരം വെളിപ്പെടുത്തുമോ; | (ബി) | പൊതു ആവശ്യത്തിന് മാറ്റി വെച്ചിട്ടുള്ളതിൽ ഉപയുക്തമായിട്ടുള്ള മിച്ചഭൂമിയുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | വിസ്തീർണ്ണം(ഏക്കറിൽ) |
|---|---|
| തിരുവനന്തപുരം | 12.99.220 |
| കൊല്ലം | 35.76.560 |
| പത്തനം തിട്ട | 0195.130 |
| ആലപ്പുഴ | 358.27.280 |
| കോട്ടയം | 000.17.290 |
| ഇടുക്കി | 51.62.300 |
| എറണാകുളം | 125.03.140 |
| തൃശ്ശൂർ | 263.05.500 |
| പാലക്കാട് | 673.12.440 |
| മലപ്പുറം | 243.34.440 |
| കോഴിക്കോട് | 56.41.480 |
| വയനാട് | 58.21.790 |
| കണ്ണൂർ | 1785.78.530 |
| കാസർഗോഡ് | 4072.04.000 |
| ആകെ | 7735.79.100 |

| | | | |
|---|---|---|---|
| (സി) | അവശേഷിക്കുന്ന ഭൂമി ഭൂരഹിതർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പൊതു ആവശ്യത്തിന് മാറ്റിവെയ്ക്കുന്നതിൽ കൂടുതൽ ഭൂമിയും പതിവിന് അനുയോജ്യമല്ലാത്ത വെള്ളക്കെട്ട്, തോട്, റോഡ് തുടങ്ങിയവയിൽപ്പെടുന്നു. ഇപ്പോൾ പൊതു ആവശ്യത്തിന് മാറ്റിവെച്ചിട്ടുള്ള മിച്ചഭൂമിയിൽ പതിവിന് അനുയോജ്യമായ ഭൂമിയുണ്ടോയെന്ന് പരിശോധിച്ച് അപ്രകാരം വിതരണ യോഗ്യമായ മിച്ചഭൂമിയുണ്ടെങ്കിൽ ടി ഭൂമി പൊതു ആവശ്യത്തിന് ആവശ്യമില്ലായെങ്കിൽ കേരള ഭൂപരിഷ്കരണ നിയമം അനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യനമ്പർ 259 — 02-07-2009 ലെ മറുപടിക്ക്

കിസാൻശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി,<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സി.കെ.പി. പത്മനാഭൻ | ശ്രീ. മുല്ലക്കര രത്നാകരൻ,<br>ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തെ കർഷകർക്കായി ആവിഷ്ക്കരിച്ച 'കിസാൻശ്രീ' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർക്കായി 2008 മാർച്ച് ഒന്നുമുതൽ നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയാണ് കിസാൻശ്രീ. ഇതിൽ അംഗമായിട്ടുള്ള കർഷകർക്ക് അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, അതിക്രമം, ഭീകരാക്രമണം എന്നിവ മൂലം മരണമോ സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യമോ സംഭവിച്ചാൽ 50000 മുതൽ 1,00,000 രൂപവരെ ആനുകൂല്യം കർഷകർക്കോ കുടുംബത്തിനോ ലഭിക്കുന്നതാണ്. 18-നും 70-നും ഇടയിൽ പ്രായമുള്ളവരും 2 ഹെക്ടർവരെ കൃഷിഭൂമിയുള്ളവരും കാർഷികവൃത്തി കൊണ്ടുമാത്രം ഉപജീവനം കഴിക്കുന്ന വരുമായ ചെറുകിട നാമമാത്ര കർഷകർക്ക് (ഒരുകുടുംബത്തിൽ ഒരാൾക്ക്) ഈ പദ്ധതിയിൽ അംഗമാകാ വുന്നതാണ്. ഇതിനായുള്ള വാർഷിക പ്രീമിയം കർഷകർക്കുവേണ്ടി സർക്കാർ ആണ് അടയ്ക്കുന്നത്. |
| ബി) പദ്ധതി മുഖേന എത്ര കർഷകർക്കു പ്രയോജനം ലഭിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;<br>സി) ഇതുവരെ പദ്ധതിയിൽ എത്രപേർ ചേർന്നിട്ടുണ്ട്; പ്രീമിയം ഇനത്തിൽ ഒരാൾക്ക് സർക്കാർ എത്രരൂപ അടയ്ക്കണമെന്ന് അറിയിക്കുമോ; | ബി & സി<br>2008 മാർച്ച് ഒന്നിന് പ്രാബല്യത്തിൽ വന്ന പദ്ധതിയിൽ 5,20,836 പേർക്കായി (ഒരാൾക്ക് 16 രൂപാനിരക്കിൽ) 83,33,376 രൂപ പ്രീമിയം അടയ്ക്കുകയുണ്ടായി. അതിൽ 53 കർഷകർ പോളിസി പുതുക്കുന്ന സമയത്ത് മരിച്ചുപോയതിനാൽ ശേഷിക്കുന്ന 5,20,783 കർഷകർക്കായി 31-03-2009 മുതൽ 31-03-2010 വരെയുള്ള കാലയളവിലേക്ക് (ഒരാൾക്ക് 14 രൂപാനിരക്കിൽ) 72,90,962 രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് ആവശ്യമായ പ്രചാരണം നടത്താൻ നടപടി സ്വീകരിക്കുമോ? | 2008 ഫെബ്രുവരി മാസത്തിൽ ആവശ്യമായിട്ടുള്ള പ്രചാരണം നടത്തിയും കൃഷിഭവനുകളിൽ ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് പൊതുപരിപാടികൾ സംഘടിപ്പിച്ചും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേനയും പ്രചാരണം നടത്തിയിരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 260* | 2.7.2009 ൽ മറുപടിക്ക്

## റോഡുകളുടെ അറ്റകുറ്റപ്പണികൾ

**ചോദ്യം**

ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :

**ഉത്തരം**

ശ്രീ. മോൻസ് ജോസഫ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) കാലവർഷത്തിന് മുമ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ഓടകളിലെയും കലുങ്കുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ഉന്നതതല യോഗം വിളിച്ചുചേർത്ത് കാലവർഷത്തിന് മുൻപ് തന്നെ ഓടകളിലെയും കലുങ്കുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യലും, അറ്റകുറ്റപ്പണിയും പൂർത്തിയാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് പ്രവൃത്തികൾ നടന്നുവരികയാണ്.

(ബി) എത്ര കോടി രൂപയാണ് ഈ പ്രവൃത്തികൾക്കായി അനുവദിച്ചത് ;

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 30.9844 കോടി അനുവദിച്ചിട്ടുണ്ട്. ദേശീപാതാ വിഭാഗത്തിൽ വിവിധ ജില്ലകളിലായി **3,68,79,725** രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ഓടകളിലെ പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ മാറ്റി നടപ്പാതകൾ സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന അടിയന്തിരമായി മാറ്റി സ്ഥാപിക്കേണ്ട സ്ലാബുകൾ മാറ്റി സ്ഥാപിച്ചു വരുന്നു. മുഴുവൻ ഓടകൾക്കും കവറിംഗ് സ്ലാബുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ സർക്കാർ അനുമതിക്കു വിധേയമായി ഘട്ടംഘട്ടമായി ഏറ്റെടുത്തുവരുന്നു.

(ഡി) റോഡ് കയ്യേറ്റം ഒഴിപ്പിച്ച് റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) റോഡ് കൈയേറ്റം ഒഴിപ്പിച്ച് റോഡുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.261 — 2.07.2009 -ൽ മറുപടിക്ക്

## ക്ലസ്റ്റർ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.എം.മുരളി | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |

(എ) ക്ലസ്റ്റർ കോളേജു സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ;

(എ) ഉണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും ഓരോ കോളേജ് ക്ലസ്റ്ററുകൾ നിലവിൽ വന്നു കഴിഞ്ഞു.

(ബി) ക്ലസ്റ്റർ കോളേജുകളുടെ ഭരണം എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലസ്റ്റർ കോളേജുകളുടെ ഭരണത്തിന് ദ്വിമുഖസമ്പ്രദായമാണ് വിഭാവന ചെയ്തിട്ടുള്ളത്. ക്ലസ്റ്ററിൽ അംഗങ്ങളാകുന്ന കോളേജുകളുടെ അനന്യത **(identity)** തുടർന്നും നിലനിൽക്കും. അതോടൊപ്പംതന്നെ ഒരേ ക്ലസ്റ്ററിൽ അംഗങ്ങളായ എല്ലാ കോളേജുകൾക്കും പ്രാതിനിധ്യമുള്ള ഗവേണിംഗ് ബോഡി ക്ലസ്റ്ററുമായി ബന്ധപ്പെട്ട പരിപാടികൾ മാത്രം ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യും.

(സി) ക്ലസ്റ്ററിൽപ്പെടുന്ന കോളേജുകൾക്ക് വേണ്ടി ഒറ്റ ഗവേണിംഗ് ബോഡി രൂപീകരിക്കുന്നതുമൂലം ന്യൂനപക്ഷ കോളേജുകളുടെ ന്യൂനപക്ഷ പദവിക്ക് കോട്ടം സംഭവിച്ചിട്ടുണ്ടോ;

(സി) ക്ലസ്റ്ററിൽപ്പെടുന്ന കോളേജുകൾക്ക് വേണ്ടി ഒറ്റ ഗവേണിംഗ് ബോഡി രൂപീകരിക്കുന്നതുമൂലം ന്യൂനപക്ഷ കോളേജുകളുടെ ന്യൂനപക്ഷ പദവിക്ക് യാതൊരു കോട്ടവും സംഭവിക്കുകയില്ല.

| | | | |
|---|---|---|---|
| (ഡി) | ക്ളസ്റ്റർ വ്യവസ്ഥ പ്രകാരം ക്ളസ്റ്ററിൽപ്പെടുന്ന ന്യൂനപക്ഷ കോളേജുകൾ ക്ളസ്റ്റർ ഗവേണിംഗ് ബോഡിയുടെ നിയന്ത്രണത്തിൽ വരുമോ? | (ഡി) | ഇല്ല. ക്ളസ്റ്ററുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിർവ്വഹണം മാത്രമാണ് ക്ളസ്റ്റർ ഗവേണിംഗ് ബോഡിയുടെ പരിധിയിൽ വരുന്നത്. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 292

02/07/2009-ൽ മറുപടിക്ക്

## ലാൻഡ് ബാങ്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി:<br>ശ്രീ.പി.കെ.അബ്ദുറബ്ബ് : | ശ്രീ.കെ.പി.രാജേന്ദ്രൻ)<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ലാൻഡ് ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്ത് ലാന്റ് ബാങ്കിന്റെ പ്രവർത്തനം അതിന്റെ ഒന്നാംഘട്ടത്തിലാണ്. കേരള ലാന്റ് ബാങ്കിന്റെ പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടമെന്ന നിലയ്ക്ക് സർക്കാർ ഭൂമി മുഴുവൻ ലാന്റ് ബാങ്കിൽ ചേർക്കുന്നതിന്റെ ഭാഗമായി സർക്കാർ ഭൂമി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചുവരുന്നു. |
| (ബി) സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമി ഇപ്പോൾ ഉണ്ടെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഇല്ല. കണക്കെടുപ്പ് നടന്നുവരികയാണ്. ഇതുവരെ ലഭിച്ച കണക്കുകൾ പ്രകാരം 22,267.85.44 ഹെക്ടർ ഗവൺമെന്റ് ഭൂമി ലാൻഡ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. |
| (സി) ഇവയുടെ രേഖകൾ മുഴുവൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനം എന്ന് പൂർത്തിയാക്കും? | (സി) ഇല്ല. ലാന്റ് ബാങ്കിലെ ഡാറ്റാ ബാങ്കിലേക്ക് ഉൾപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ശേഖരിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വിവരങ്ങൾ ഡാറ്റാ ബാങ്കിൽ ചേർത്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 263 — 02/07/2009-ൽ മറുപടിയ്ക്ക്

ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമകൾക്ക് ന്യായവില ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ. കെ. പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമകൾക്ക് ന്യായവില ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 1894-ലെ ഭൂമി പൊന്നുംവില നിയമത്തിനും, 1990-ലെ കേരളാ സ്ഥലമെടുപ്പ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നത്. പൊന്നുംവിലക്കെടുക്കുന്ന സ്ഥലത്തിന്റെ സമവും സമാനവുമായ സ്ഥലങ്ങളുടെ സമീപകാലത്തെ ആധാരങ്ങൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിലുമാണ് സ്ഥലവില നിശ്ചയിക്കുന്നത്. നിലവിലുള്ള മാർക്കറ്റ് വില കാണിച്ച് ആരും തന്നെ പ്രമാണം രജിസ്റ്റർ ചെയ്യാറില്ല. ഇപ്രകാരം വില നിശ്ചയിച്ച് നൽകുന്നതിനാലാണ് ന്യായവില ലഭിക്കുന്നില്ല എന്ന പരാതി ഭൂവുടമകളിൽ നിന്നും ഉണ്ടാകുന്നത്. |
| ബി) പലപ്പോഴും ചെറുകിട കർഷകർക്കും പാവപ്പെട്ടവർക്കുമാണ് ഭൂമി ഏറ്റെടുക്കലിൽ നഷ്ടം സഹിക്കേണ്ടിവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) അർത്ഥനാധികാരികൾ ഏറ്റെടുത്ത് നൽകാൻ ആവശ്യപ്പെടുന്ന ഭൂമിയാണ് പൊന്നും വില നടപടികളിലൂടെ ഏറ്റെടുത്ത് നൽകുന്നത്. ഈ പൊന്നുംവില നടപടികളിൽ ഉൾപ്പെടുന്ന എല്ലാവർക്കും ഒരുപോലെ തന്നെയാണ് ഭൂമി ഏറ്റെടുക്കൽ മൂലമുള്ള നഷ്ടം സഹിക്കേണ്ടിവരുന്നത്. |
| സി) നിലവിലെ ഭൂമി ഏറ്റെടുക്കൽ രീതി ധാരാളം കോടതി വ്യവഹാരങ്ങൾക്ക് വഴി വെയ്ക്കുന്നതിനാൽ ഭൂ ഉടമകൾക്ക് സാമ്പത്തിക നഷ്ടം വരുത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽ | (സി) നിലവിലുള്ള ലാൻറ് അക്വിസിഷൻ ആക്ടിനും റൂൾസിനും വിധേയമായിട്ടാണ് ഭൂമി വില നിശ്ചയിക്കുന്നത്. നഷ്ടപരിഹാര തുക പുനർനിർണ്ണയിക്കുന്നതിനു വേണ്ടി ഭൂരിഭാഗം ഭൂവുടമകളും കോടതിയെ സമീപിക്കാറുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഭൂമി ഏറ്റെടുക്കൽ കൂടുതൽ കാര്യക്ഷമവും നീതിപൂർവ്വവും വ്യവഹാര രഹിതവുമാക്കാൻ ഒരു നിഷ്പക്ഷ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; | (ഡി) | 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമവും 1990-ലെ കേരള സ്ഥലമെടുപ്പു ചട്ടങ്ങളും പ്രകാരമാണ് പൊന്നുംവില നടപടി ക്രമങ്ങൾ മുഖാന്തിരം സ്ഥലം ഏറ്റെടുക്കുന്നത്. എന്നാൽ കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് സംവിധാനം ഇപ്പോൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു പ്രകാരം വ്യവഹാര രഹിതമായി ഭൂമി ഏറ്റെടുക്കാൻ കഴിയുന്നുണ്ട്. |
| ഇ) | ഭൂമി ഏറ്റെടുക്കലിന് വിധേയരാകുന്ന ചെറുകിട കർഷകർക്കും പാവപ്പെട്ടവർക്കും ഭൂമി ഏറ്റെടുക്കൽ മൂലം അവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടാതിരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ? | (ഇ) | ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ആ ഭൂമിയിൽ ഉപജീവനമാർഗ്ഗമായ കെട്ടിടങ്ങളോ, വാസഗൃഹങ്ങളോ ഉള്ളവരെ ഒഴിപ്പിക്കേണ്ടിവരുമ്പോൾ അവർക്ക് സമീപ പ്രദേശത്തു തന്നെ പുനരധിവാസം നൽകാൻ ശ്രമിക്കുന്നുണ്ട്. ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പദ്ധതിക്ക് സ്ഥലമേറ്റെടുത്തപ്പോൾ സ്വീകരിച്ച പോലുള്ള ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| പന്ത്രണ്ടാം കേരള നിയമസഭ | |
|---|---|
| പതിനൊന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 264 | 2-7-2009 - ൽ മറുപടിയ്ക്ക് |
| വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നടപടികൾ | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.രാജു എബ്രഹാം | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്തുന്നതിന് നൽകുന്ന വിഷയാധിഷ്ഠിത പരിശീലനം, സ്കൂളുകളിൽ വർക്ക്ഷെഡുകളുടെ നിർമ്മാണം, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രാക്ടിക്കൽ മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കൽ, പഠനത്തോടൊപ്പം ഉൽപ്പാദനം നടത്തുന്നതിനും സേവനം ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്ന പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ (പി.ടി.സി) , വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരവരുടെ തൊഴിൽ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശീലനം നൽകൽ (ഓൺ ദ ജോബ് ട്രെയിനിംഗ്), പൊതുപരീക്ഷകളിൽ 50 ശതമാനത്തിന് താഴെ വിജയശതമാനമുള്ള സ്കൂളുകളെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട വിജയം ഉറപ്പാക്കുന്നതിന് നൽകുന്ന റെമഡിയൽ കോച്ചിംഗ്, പുതിയ കോഴ്സുകൾ കണ്ടെത്തുന്നതിനും, ബന്ധപ്പെട്ട വ്യവസായസ്ഥാപനങ്ങളുമായി വിദ്യാർത്ഥികൾക്ക് ബന്ധം സ്ഥാപിച്ചുനൽകുന്നതിനും, വൊക്കേഷണൽ പ്രോഗ്രാമുകളെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി ആരംഭിച്ച റിസർച്ച് വിംഗ് , തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കു |

| | | | |
|---|---|---|---|
| | | | റിച്ച് വിദ്യാർത്ഥികളിലും, രക്ഷകർത്താക്കളിലും, പൊതുസമൂഹത്തിലും അവബോധം സൃഷ്ടിക്കുന്നതിന് സെമിനാറുകളും ക്ലാസുകളും മറ്റും സംഘടിപ്പിക്കുന്ന കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിങ്ങ് സെന്റർ, കോഴ്സ് പാസ്സാകുന്നവർക്കായി തൊഴിൽ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പസ് റിക്രൂട്ട്മെൻറ് സംഘടിപ്പിക്കൽ, കലാപരമായി മികച്ച പ്രാവീണ്യം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കായി ധനസഹായം നൽകൽ തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | തൊഴിൽ സാധ്യത കൂടുതലുള്ള ട്രേഡുകൾക്ക് പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചുവരുന്നു. |
| (സി) | വിദ്യാർത്ഥികളുടെ തൊഴിൽപരിചയം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി ആസൂത്രണം ചെയ്യുമോ; | (സി) | വിദ്യാർത്ഥികളുടെ തൊഴിൽ പരിചയം വർദ്ധിപ്പിക്കുന്നതിന് പഠനത്തോടൊപ്പം ഉൽപ്പാദനം നടത്തുന്നതിനും സേവനം ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്ന പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ (പി.ടി.സി) , വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരവരുടെ തൊഴിൽ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശീലനം നൽകൽ (ഓൺ ദ ജോബ് ട്രെയിനിംഗ്) എന്നീ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (ഡി) | പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുമോ; | (ഡി) | ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നുണ്ട്. |
| (ഇ) | കോഴ്സ് പൂർത്തിയാക്കുന്നവർക്കായി എല്ലാ ജില്ലകളിലും ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുമോ ? | (ഇ) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 265

02-7-2009 ൽ മറുപടിക്ക്

## ബി.എഡ് സെന്ററുകളുടെ അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എ.എം. ആരിഫ്:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ചില ബി.എഡ് സെന്ററുകളുടെ അംഗീകാരം നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ റദ്ദു ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിനായി കൗൺസിൽ ചൂണ്ടിക്കാണിച്ച അപാകതകൾ എന്തെല്ലാമാണ് ; | (എ) കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി.എഡ് സെന്ററുകളുടെ അംഗീകാരം എൻ.സി.ടി.ഇ പിൻവലിച്ചതായി ഔദ്യോഗികമായ അറിയിപ്പൊന്നും സർവ്വകലാശാലകൾക്ക് ലഭിച്ചിട്ടില്ല. |
| (ബി) ബി.എഡ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചും യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിച്ചും മറ്റ് അപാകതകൾ പരിഹരിച്ചും സെന്ററുകളുടെ അംഗീകാരം നിലനിർത്താൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) ബി.എഡ് സെന്ററുകളുടെ അംഗീകാരം നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. ബി.എഡ് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 266. | 02/07/2009-ൽ മറുപടിക്ക്

**<u>വിദ്യാർത്ഥികളുടെ എണ്ണം തികയ്ക്കാൻ വയനാട്ടിൽ നിന്നും ആദിവാസി കുട്ടികളെ കൊണ്ടുപോയി എന്ന പരാതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്: | | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) | കണ്ണൂർ ജില്ലയിലെ ചില സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം തികയ്ക്കുവാനായി വയനാട്ടിൽ നിന്നും ആദിവാസി വിദ്യാർത്ഥികളെ കൊണ്ടുവന്നതായ പരാതി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഏതെല്ലാം സ്കൂളുകൾക്കെതിരെയാണ് ഈ ആക്ഷേപം ഉയർന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ. | ബി) | സ്കൂളുകളുടെ പേരുവിവരം താഴെപറയുന്നു<br><br>ചെമ്പിലോട് ഹൈസ്കൂൾ (കണ്ണൂർ വിദ്യാഭ്യാസ ജില്ല.)<br>ചെമ്പിലോട് യു.പി. സ്കൂൾ (കണ്ണൂർ നോർത്ത് സബ് ജില്ല)<br>കോയ്യോട് മദ്രസ യു.പി.സ്കൂൾ. (കണ്ണൂർ നോർത്ത് സബ്ജില്ല)<br>വാരം യു.പി.സ്കൂൾ (കണ്ണൂർ നോർത്ത് സബ്ജില്ല)<br>കോഴൂർ യു.പി.സ്കൂൾ (തലശ്ശേരി നോർത്ത് സബ്ജില്ല)<br>ഉളിയിൽ സൗത്ത് എൽ.പി.സ്കൂൾ നടുവനാട് (ഇരിട്ടി സബ്ജില്ല)<br>പൂമംഗലം യു.പി.സ്കൂൾ (തളിപ്പറമ്പ് നോർത്ത് സബ്ജില്ല) |

| | | | |
|---|---|---|---|
| സി) | ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ നിഗമനങ്ങൾ വെളിപ്പെടുത്തുമോ? | സി) | ഉണ്ട്. കണ്ണൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പും പോലീസ് അധികാരികളും വിദ്യാഭ്യാസ വകുപ്പും പ്രത്യേക അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. സ്കൂളുകളിൽ ഡിവിഷനുകൾ നിലനിർത്തുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കുട്ടികളെ കൊണ്ടുവന്നിട്ടുള്ളതെന്ന് അനുമാനിക്കുന്നു. കുട്ടികളെ പ്രലോഭിപ്പിച്ചാണ് കൊണ്ടുവന്നിട്ടുള്ളതെന്നും ഇതിനു പിന്നിൽ മറ്റ് ഏജൻസികൾ പ്രവർത്തിച്ചു വരുന്നതായും കരുതുന്നു. ഇങ്ങനെ കൊണ്ടുവന്ന കുട്ടികളെ ഡിവിഷൻ നിശ്ചയിക്കുവാൻ കണക്കിലെടുക്കേണ്ടതില്ലെന്ന് വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 267.

2.7.2009- ൽ മറുപടിയ്ക്ക്

" ജൈവകൃഷി നയം"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്.<br>ശ്രീ.സി.കെ.സദാശിവൻ.<br>ശ്രീ.കെ.സി.രാജഗോപാലൻ.<br>ശ്രീമതി.കെ.എസ്.സലീഖ. | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ ആവിഷ്കരിച്ച ജൈവകൃഷി നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്ക്കാരമായി വളർത്തുക, ജലമണ്ണ് സംരക്ഷണം ഉറപ്പുവരുത്തുക, കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യപോഷണ ഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക എന്നിവ ലക്ഷ്യമാക്കി കേരള പിരസ്ഥിതി വകുപ്പിന്റെ 16.10.08 ലെ ജി.ഒ.(എർ.എസ്)നം.2/08 എന്ന ഉത്തരവു പ്രകാരം കേരളത്തിന്റെ ജൈവകൃഷി നയം അംഗീകരിച്ചിട്ടുണ്ട്. മൊത്തം കൃഷി ഭൂമിയുടെ 10% സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ പൂർണ്ണമായും ജൈവകൃഷി നടപ്പാക്കുകയും ഈ രീതിയൽ 3 വർഷത്തെ കൃഷി അനുഭവ പാഠത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യോല്പാദന വിളകൾ പൂർണ്ണമായും മററു വിളകൾ ഘട്ടംഘട്ടമായും ജൈവകൃഷിയിൽ കൊണ്ടുവരികയുമാണ് ഈ നയംകൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>സ്ഥലത്തിനും, കാലാവസ്ഥയ്ക്കും കർഷകന്റെ സാമ്പത്തിക ഭദ്രതയ്ക്കും അനുയോജ്യമായ മൂന്നു കൃഷി രീതികളാണ് ജൈവകൃഷി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>1. കയററുമതി പ്രധാനമായും ലക്ഷ്യമാക്കിക്കൊണ്ട് സർട്ടിഫിക്കേഷൻ നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ച് വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന സുഗന്ധവിളകൾ,പഴം, പച്ചക്കറി, ഔഷധസസ്യങ്ങൾ, സ്ഥലനാമ ഇൻഡിക്കേഷൻ ഉള്ള വിളകൾ, സുഗന്ധ നെല്ലിനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള ജൈവകൃഷി |

2. സംയോജിത വള പ്രയോഗത്തിലൂടെയും സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗത്തിലൂടെയും ജൈവമാർഗ്ഗങ്ങൽക്ക് മുൻതൂക്കം നൽകികൊണ്ട് അവലംബിക്കുന്ന നാടൻ കൃഷിരീതി.

3. സമ്മിശ്ര കൃഷിയുടെ ഘടകങ്ങൾ കൂട്ടിയിണക്കി പ്രാദേശിക ജൈവ വിഭവങ്ങളും, വിള അവശിഷ്ടങ്ങളും സംയോജിപ്പിച്ച് വീട്ടുവളപ്പുകൾക്ക് ഊന്നൽ നൽകിക്കൊണ്ട് അവലംബിക്കുന്ന പരമ്പരാഗത സുസ്ഥിര കൃഷിസമ്പ്രദായം.ജൈവവൈവിധ്യം ഉറപ്പുവരുത്തുകയും , ജീവനുള്ള മണ്ണ് എന്ന തത്വത്തെ പരിരക്ഷിച്ചുമുള്ള കൃഷി രീതിയാണിത്.

(ബി) ഇതു സംബന്ധിച്ച് ജൈവവൈവിധ്യബോർഡ് തയ്യാറാക്കിയ കർമ്മപദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതു സംബന്ധിച്ച് ജൈവ വൈവിധ്യബോർഡ് തയായാറാക്കിയ കർമ്മ പദ്ധതിയിലെ പ്രധാനപ്പെട്ട ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. വിത്തിന്മേൽ കൃഷിക്കാരുടേയും സംസ്ഥാനത്തിന്റേയും പരമാധികാരം ഉറപ്പാക്കാനായി ജൈവവിത്തുകൾക്കു മാത്രമായി സീഡ് വില്ലേജ് (വിത്ത് ഗ്രാമങ്ങൾ) സ്ഥാപിക്കുക, ജനിതക പരിവർത്തിത വിളവിമുക്തഗ്രാമം/സംസ്ഥാനം ഉറപ്പാക്കുക, ഓരോ കാർഷിക കാലാവസ്ഥാ മേഖലയിലും അനുയോജ്യമായ വിത്തുകൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുക.

2. സംസ്ഥാനത്ത് ഘട്ടംഘട്ടമായി ജൈവകൃഷി നയം നടപ്പാക്കുന്നതിനായി, സംസ്ഥാനത്ത് നിലവിലുള്ള സർട്ടിഫൈഡും അല്ലാത്തതുമായ ജൈവകൃഷിയിടങ്ങൾ , കൃഷി ചെയ്യാത്ത ജൈവ സമ്പുഷ്ട പ്രദേശങ്ങൾ എന്നിവ സംബന്ധിച്ച് ഒരു പ്രാഥമിക വിലയിരുത്തൽ നടത്തുക, ധാന്യം, പഴം, പച്ചക്കറി തുടങ്ങിയ വാർഷിക വിളകൾ അഞ്ചുവർഷം കൊണ്ടും ദീർഘകാല വിളകൾ പത്തുവർഷംകൊണ്ടും സമ്പൂർണ്ണമായും ജൈവകൃഷി ആക്കണമെന്നുള്ള ലക്ഷ്യം കൈവരിക്കുവാൻ വേണ്ടിയുള്ള ഒരു പ്രവർത്തന പദ്ധതിക്കു രൂപം നൽകുക, കേരളത്തിലെ [illegible]

3. മണ്ണ്, ജല സംരക്ഷണ ഉപാധികൾ ഉറപ്പുവരുത്തുന്നതിനായി നീർമറി വികസന പ്രദേശങ്ങളിൽ ജൈവകൃഷി സമീപനം ഉറപ്പാക്കുക, നീർമറി പരിശീലന പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ച് ജൈവകൃഷിയെ പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി മാററുക, മണ്ണ്, ജല സംരക്ഷണം പച്ചിലവളം, എന്നിവയുടെ ലഭ്യത ഉയർത്തുന്നതിന് ജൈവവേലി നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

4. ജീവനോപാധികളുടെ സംരക്ഷണവും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പുവരുത്താൻ മിശ്രിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷിയുടെ ഭാഗമായി, ഉടമസ്ഥതയിലും, പരിപാലനത്തിലും സ്ത്രീകൾക്ക് പ്രാമുഖ്യം നൽകി കർഷക കുടുംബങ്ങളിലും, ഗ്രൂപ്പുകളിലും കൃഷി കന്നുകാലി പരിപാലനം സംയോജിപ്പിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, മിശ്രവിളയുടെ ഭാഗമായി തേനീച്ച വളർത്തൽ, മീൻവളർത്തൽ, താറാവുവളർത്തൽ സമാന സംരംഭങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുക.

5. കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി, വിളപരിവർത്തനം, വൃക്ഷവിളകൾ, പച്ചിലവളങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക വഴി കൃഷിയിടങ്ങളിൽ തന്നെ ജൈവവള ലഭ്യത വർദ്ധിപ്പിക്കുക, നാടൻമണ്ണിരകൾ, സൂക്ഷ്മ ജീവികൾ എന്നിവയെ പ്രയോജനപ്പെടുത്തി ജൈവവളം ഉണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കുക, ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും, ഇതിനുവേണ്ടി ഒരു കേന്ദ്രീയ പരിശോധനശാല സ്ഥാപിക്കുകയും ചെയ്യുക.

6. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി മിൽമ, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഹരിത തുടങ്ങിയ വ്യത്യസ്ത വിപണന സംവിധാനങ്ങൾ വഴി പി.ജി.എസ് സർട്ടിഫൈഡ് ജൈവ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രത്യേക

സംവിധാനം ഏർപ്പെടുത്തുക, കർഷക സംഘങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ എല്ലാ ജില്ലകളിലും ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക ഔട്ട്ലെററുകൾ സ്ഥാപിക്കുക.

7. സംസ്ഥാനത്ത് എല്ലാ ജൈവ കർഷകർക്കും സഹായകരമായ രീതിയിൽ ലളിതമായ ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രക്രിയയ്ക്ക് രൂപം നൽകുന്നതിനായി ജില്ലാ ഗ്രാമപഞ്ചായത്തുകളിൽ ജൈവ ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, മൂന്നുവർഷത്തിലധികം ജൈവകൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും സൗജന്യമായി സർട്ടിഫിക്കേഷൻ ലഭിക്കുമെന്ന് ഉറപ്പാക്കുക.

8. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി, സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികളുടെ സബ്സിഡിയോടെ ചെറുകിട ഇടത്തരം ജൈവ കർഷകർക്ക് പലിശ രഹിത വായ്പകൾ ലഭ്യമാക്കുക, ഉല്പാദനാധിഷ്ഠിതമായ സാമ്പത്തിക പ്രോത്സാഹനം ഏർപ്പെടുത്തുക.

9. വിദ്യാലയങ്ങളിൽ ജൈവകൃഷി സന്ദേശം എത്തിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്കായി ജൈവകൃഷി സംബന്ധിച്ച് അനുയോജ്യമായ പാഠ്യപദ്ധതി തയ്യാറാക്കുക, സൗകര്യമുള്ള സ്കൂളുകളിൽ നല്ല കാർഷികവിത്തുകളുടെ ഉല്പാദനവും സംഭരണവും പ്രോത്സാഹിപ്പിക്കുന്നതിന് സീഡ് ബാങ്കുകൾ ആരംഭിക്കുക.

10. രാസവസ്തുക്കളെയും കീടനാശിനികളെയും സംസ്ഥാനത്തുനിന്ന് ഘട്ടംഘട്ടമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി രാസവളം, രാസകീടനാശിനികൾ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, ഉപയോഗിക്കാതിരിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുക.

| | |
|---|---|
| (സി) ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു. | (സി) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേരിട്ട് നടപ്പാക്കുന്ന ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എരിമയൂർ പഞ്ചായത്തിൽ 3 വർഷം നീണ്ടുനിൽക്കുന്ന ഒരു കാർഷിക ജൈവവൈവിധ്യ വികസന പദ്ധതിനടപ്പാക്കി വരുന്നു. കൂടാതെ മലപ്പുറം ജില്ലയിൽ വെളിയംകോട് മാറഞ്ചരി പഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിൽ ഏഴോം പഞ്ചായത്തിലും ജൈവവൈവിധ്യ സംരക്ഷണം മുൻനിർത്തി പൂർണ്ണമായി ജൈവനെൽകൃഷി നടത്തുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്. |
| (ഡി) കാർഷിക ജൈവ വൈവിധ്യവും, വനജൈവവൈവിധ്യവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ. | (ഡി) വനജൈവവൈവിധ്യം സംരക്ഷിക്കുവാൻ നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ കീഴിൽ പദ്ധതികൾ നിലവിലുണ്ട്. വനജൈവ വൈവിധ്യസംരക്ഷണത്തിനായി സംരക്ഷിത വനപ്രദേശങ്ങൾക്കു പുറത്തുള്ള വനങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള ഒരു പ്രത്യേക കർമ്മ പദ്ധതി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. |
| (ഇ) ജൈവ വളങ്ങളുടെ ഉല്പാദനത്തേയും, വിപണനത്തേയും സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഇ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവവളപ്രയോഗം പ്രാവർത്തികമാക്കുന്നതിന് 20 മീ.X 1.5 മീ.X 0.75 മീററർ വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിററ് നിർമ്മിക്കുന്നതിന് യൂണിററ് ഒന്നിന് 30,000 രൂപ വരെ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ സ്കൂളുകളിൽ ജൈവവളമുണ്ടാക്കുന്നതിനുള്ള (മണ്ണിര കമ്പോസ്റ്റ്) സാമ്പത്തിക സഹായം ജൈവ വൈവിധ്യ ബോർഡിന്റെ "വിദ്യാലയ പരിസര ജൈവവൈവിധ്യ വർദ്ധനവ് പദ്ധതി"യിൽ ഉൾപ്പെടുത്തി വർഷംതോറും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 268 — 2-07-2009- ൽ മറുപടിയ്ക്ക്

## പച്ചക്കറി ദൗർലഭ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. എ.എം. യൂസഫ് :<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന പച്ചക്കറി ദൗർലഭ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പ്രതികൂല കാലാവസ്ഥയുടെ ഫലമായി പച്ചക്കറിയുൽപ്പാദനത്തിൽ ഉണ്ടായ കുറവാണ് ഇപ്പോൾ അനുഭവപ്പെടുന്ന ദൗർലഭ്യത്തിനു കാരണം. |
| ബി) | 'ആയിരം ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി ' പദ്ധതി മൂലം പച്ചക്കറി ഉൽപ്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ; | (ബി) | 2008-09 വർഷത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ 'ആയിരം ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി ' പദ്ധതി വഴി 40,000 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. |
| സി) | പച്ചക്കറി വിലവർദ്ധനവ് തടയുന്നതിന് കുറഞ്ഞ വിലയ്ക്ക് പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | (സി) | ക്രമാതീതമായ വില വർദ്ധനവ് തടയുന്നതിനും ഉപഭോക്താവിന് ന്യായവിലയ്ക്ക് പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വേണ്ടി 17 ഇനം പച്ചക്കറികൾ അടങ്ങുന്ന 18 രൂപയുടെ കിറ്റ് ഹോർട്ടികോർപ്പ് വിതരണം ചെയ്ത് വരുന്നു. |
| ഡി) | ഹോർട്ടികോർപ്പിന്റെ കടകമ്പോളങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമോ ? | (ഇ) | പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2008-09 വർഷത്തിൽ കൃഷി വകുപ്പ് ആരംഭിച്ച "ആയിരം ഗ്രാമങ്ങളിൽ സമഗ്ര ജൈവ പച്ചക്കറി വികസന പദ്ധതി" ഈ വർഷവും നടപ്പിലാക്കുന്നു. സംസ്ഥാനത്തൊട്ടാകെ 1000 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട 200 ഗ്രാമങ്ങളിൽ ജൈവ കൃഷിക്ക് പ്രാധാന്യം നൽകികൊണ്ട് കൃഷി നടത്തുന്നതാണ്. ഇതു കൂടാതെ വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ കിറ്റുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതാണ്. |

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭക്ഷ്യ സുരക്ഷാപദ്ധതിയിൽ നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറികൃഷി നടത്തുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം 1000 ഹെക്ടറോളം നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി ചെയ്യുന്നതാണ്. നെൽ കൃഷിക്കാർക്ക് കൂടുതൽ ആദായവും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വിത്തുല്പാദന യൂണിറ്റും വിത്ത് സംസ്ക്കരണ ശാലയും പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നു. ഈ വർഷം 60 ടൺ പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുവാനാണ് പദ്ധതി ഇടുന്നത്. പച്ചക്കറി വിത്തിനു പുറമേ പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള പദ്ധതിയും കൗൺസിൽ നടപ്പിലാക്കുന്നു. പഴം - പച്ചക്കറി കർഷകർക്ക് കൗൺസിൽ നൽകുന്ന ഒരു ശതമാനം പലിശയിളവ് ഉൾപ്പെടെ 6 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പഴം - പച്ചക്കറി കർഷകർക്കുള്ള ഇൻഷുറൻസ് പരിരക്ഷയും കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 269 — 02-07-2009-ൽ മറുപടിക്ക്

## ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) കേരള സംസ്ഥാന ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്: | എ) സെന്റർ നവീകരണത്തിന്റെ ഭാഗമായി പുതുതായി കമ്പ്യൂട്ടർ നിയന്ത്രിത പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ, 40 ആധുനിക കമ്പ്യൂട്ടറുകൾ, വേഗതയിലും മികവിലും അച്ചടിക്കാൻ സാധിക്കുന്ന നൂതന സംരംഭമായ ഡിജിറ്റൽ സ്കാനർ കം പ്രിന്റർ, ഹെവിഡ്യൂട്ടി വേരിയബിൾ ഡാറ്റാപ്രിന്റർ, മൾട്ടികളർ ഡിജിറ്റൽ പ്രിന്റർ, ഹെവിഡ്യൂട്ടി ഫോട്ടോകോപ്പിയർ എന്നീ ആധുനിക യന്ത്ര സാമഗ്രികൾ സെന്റർ സ്വായത്തമാക്കിയിട്ടുണ്ട്. കേരളത്തിന്റെ പല ജില്ലകളിലായി സ്ഥിതിചെയ്തിരുന്ന 21 സബ് സെന്ററുകളുടെ പുനഃസംഘാടനത്തിന്റെ ഭാഗമായി ഉല്പാദനക്ഷമമല്ലാത്ത സബ് സെന്ററുകൾ പുനരേകീകരിച്ച് ആകെ സബ്സെന്ററുകളുടെ എണ്ണം 9 ആയി നിജപ്പെടുത്തി സബ് സെന്ററുകളെ ശാക്തീകരിക്കുകയുണ്ടായി. സ്വകാര്യ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന 5 സബ് സെന്ററുകളെ സർക്കാർ അനുവദിച്ച വാടക രഹിത കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന ഹയർ സെക്കണ്ടറി ക്ലാസുകളിലെ പാഠപുസ്തകത്തിന്റെ അച്ചടിയുടെയും വിതരണത്തിന്റെയും ചുമതല സെന്ററിന് നൽകുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുവാനും കുടിശ്ശിക ശമ്പളത്തിന്റെ ഒരു ഭാഗം വിതരണം ചെയ്യുവാനും സാധിച്ചിട്ടുണ്ട്. വർഷങ്ങളായി നിർത്തിവച്ചിരുന്ന ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റിൽ ഒരു തവണത്തേത് 2007 മാർച്ചിൽ അനുവദിക്കുവാനും ഇ.എസ്.ഐ. പദ്ധതി 2008 ഒക്ടോബർ മുതൽ നടപ്പിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള നടപടികളും പൂർത്തിയായി വരുന്നു. ജീവനക്കാരുടെ ഹാജർ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ഐഡന്റിറ്റി കാർഡും, ബയോമെട്രിക് അറ്റന്റൻസ് സംവിധാനവും ഹെഡ് ഓഫീസ് കോംപ്ലക്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സബ് സെന്ററുകളിലും പടിപടിയായി ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.<br><br>2008-09 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ഒരുകോടി രൂപ സെന്ററിന് അനുവദിക്കുകയുണ്ടായി. ഏറെ തൊഴിൽ സാധ്യതയുള്ള മൾട്ടിമീഡിയ, ആനിമേഷൻ കോഴ്സുകൾ ഉന്നത നിലവാരത്തിൽ |

| | |
|---|---|
| | സംസ്ഥാനത്തുടനീളം ഫ്രാഞ്ചൈസി വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതിനോടകം 26 ഫ്രാഞ്ചൈസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2009 ജൂലൈ മാസത്തിൽ ഈ പദ്ധതി നിലവിൽ വരുന്നതാണ്.<br><br>ഹെഡ് ഓഫീസ് കോംപ്ലക്സിലും, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സെന്ററുകളിലും അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.<br><br>2009-10 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഒന്നരക്കോടി രൂപ പദ്ധതി വിഹിതമായി സെന്ററിനു അനുവദിച്ചിട്ടുണ്ട്. ബ്രയ്‌ലി പ്രസ്സ് സ്ഥാപിക്കുന്നതിനാണ് ഈ തുക പ്രധാനമായും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ ലോട്ടറികൾ സമയബന്ധിതമായി അച്ചടിക്കുന്നതിനുള്ള പ്രത്യേക സംവിധാനം സെന്ററിന്റെ കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു സെക്യൂരിറ്റി പ്രിന്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി മൂന്ന് കോടി രൂപ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്ന് ലളിതമായ വായ്പാ വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ആധുനിക യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു. |
| ബി) സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | ബി) വിദ്യാഭ്യാസ വകുപ്പിനും മറ്റ് വിവിധ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ വിവിധ തരം അച്ചടിജോലികളുടെ നിർവഹണം, യുവജനങ്ങൾക്ക് കമ്പ്യൂട്ടർ ആനിമേഷൻ, അച്ചടി മേഖലകളിൽ തൊഴിൽ പരിശീലനം നൽകുക എന്നിവയാണ് സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. |
| സി) സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു ബ്രയ്‌ലി പ്രസ്സ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) ഉണ്ട്. കാഴ്ചശക്തി കുറഞ്ഞവർക്ക് ഒരു ബ്രയ്‌ലി പ്രസ് സ്ഥാപിക്കുന്നത് ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2009-10 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഒന്നരക്കോടി രൂപ പദ്ധതി വിഹിതമായി സെന്ററിന് അനുവദിച്ചിട്ടുണ്ട്. ബ്രയ്‌ലി പാഠപുസ്തകവും വിവിധ പ്രസിദ്ധീകരണങ്ങളും അച്ചടിച്ച് കാഴ്ചശക്തി കുറഞ്ഞവർക്ക് എത്തിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| ഡി) പ്രസ്സ് എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; സെന്ററിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ? | ഡി) ആറുമാസത്തിനുള്ളിൽതന്നെ ബ്രയ്‌ലി പ്രസ്സ് പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. മുൻവർഷങ്ങളിലെ സഞ്ചിത നഷ്ടം തുടരുന്നുണ്ടെങ്കിലും സെന്ററിപ്പോൾ പ്രവർത്തന ലാഭത്തിലാണ് മുന്നോട്ട് പോകുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 270 | 02/07/2009-ൽ മറുപടിക്ക്

## നിർബന്ധിത സൗജന്യ വിദ്യാഭ്യാസത്തിന് നിയമനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എം.മാണി: | | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) | 86-ാം ഭരണഘടനാഭേദഗതി (21 എ) പ്രകാരം സംസ്ഥാനത്തെ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിലേക്ക് എന്തെങ്കിലും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്ത് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്തിയിട്ടില്ലെങ്കിലും നിലവിൽ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകിവരുന്നുണ്ട്. ഇപ്പോൾ തന്നെ പ്രസക്ത പ്രായത്തിലുള്ള കുട്ടികളുടെ ഏകദേശം 100% സ്കൂൾ പ്രവേശനം നേടിട്ടുണ്ട്. |
| ബി) | ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം സർക്കാർ നടപ്പാക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ബി) | ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യകത ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ